2024 ജൂൺ 16-30
Digital News Report

# സ്കൂൾ മുറ്റം

*Voice of Our Lady's C G H S Thoppumpady*

Little kites
O L C G H S S
Thoppumpady
ദ്വൈവാര വാർത്താപത്രിക

ഔവർ ലേഡീസ് കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ, തോപ്പുംപടി, കൊച്ചി - 682005, എറണാകുളം — ലക്കം 2 പേജ് 1

## "സ്കൂൾ മുറ്റം" വാർത്താപത്രിക പ്രകാശനം ചെയ്തു





തോപ്പുംപടി: ഔവർ ലേഡീസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ് പ്രസിദ്ധീകരിക്കുന്ന "സ്കൂൾ മുറ്റം" എന്ന ഡിജിറ്റൽ ന്യൂസ് റിപ്പോർട്ടിന്റെ ആദ്യ ലക്കത്തിന്റെ പ്രകാശനം നടന്നു. വായനാ ദിനം ആയ ജൂൺ 19 ന് ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡന്റ് ശ്രീ.സുമീത് ജോസഫ് ആണ് വാർത്താ പത്രികയുടെ പ്രകാശന കർമം നിർവ്വഹിച്ചത്.

ഹെഡ് മിസ്ട്രസ് സിസ്റ്റർ മിനി ആന്റണി , സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസ്സി, വിദ്യാരംഗം കലാസാഹിത്യവേദി മട്ടാഞ്ചേരി ഉപ ജില്ലാ കോർഡിനേറ്ററായ നിഷ എം.എൻ; മുൻ അധ്യാപിക ആഷമോൾ വി.എസ് ; ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ; ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാരായ മേരി സെറീൻ സി.ജെ., മമത മാർഗരറ്റ് മാർട്ടിൻ തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു പത്രിക പ്രകാശനം നടന്നത്.

പത്രികയുടെ പ്രകാശന കർമം വീഡിയൊ കാണുവാൻ
↓
വാർത്താപത്രിക പ്രകാശനം

## ജൂൺ 21- അന്താരാഷ്ട്ര യോഗദിനം



കൊച്ചി: ഔവർ ലേഡീസ് സ്കൂളിൽ അന്താരാഷ്ട്ര യോഗദിനവും, ലോക സംഗീത ദിനവും സ്കൂൾ SPC, ഗൈഡിങ്, ആർട്സ് ക്ലബ് തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വളരെ വിപുലമായി ആചരിക്കുകയുണ്ടായി. പ്രശസ്ത പിന്നണി ഗായിക ചിത്ര അരുൺ ഉൽഘാടന കർമം നിർവഹിച്ചു.ഹൈസ്കൂൾ അധ്യാപിക ലില്ലി പോൾ യോഗയുടെ പ്രാധാന്യത്തെക്കുറിച്ചും നിത്യ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട ചില യോഗാസനങ്ങളെക്കുറിച്ചും സ്വന്തം അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടു സംസാരിച്ചു. തുടർന്ന് SPC കോ ഓർഡിനേറ്റർ അഞ്ജലി. വി. യുടെ നേതൃത്വത്തിൽ SPC, ഗൈഡിങ്, പത്താംക്ലാസിലെ



കുട്ടികൾ എന്നിവർ ചേർന്ന് യോഗാസനങ്ങളുടെ മികവാർന്ന അവതരണവും നടത്തുകയുണ്ടായി. ചടങ്ങിൽ SPC കാഡറ്റ് അമല മേരി സ്വാഗതവും ഗൈഡിംഗ് വിദ്യാർത്ഥിനി നൈറ ഫാത്തിമ നന്ദിയും പറഞ്ഞു.



## ലോക സംഗീത ദിനം

തോപ്പുംപടി: അന്താരാഷ്ട്ര യോഗ ദിനമായ ജൂൺ 21 തന്നെ സംഗീത ദിനവും ആഘോഷിക്കപ്പെട്ടു. പിന്നണി ഗായിക ചിത്ര അരുൺ ഉൽഘാടനം ചെയ്തു.അധ്യക്ഷ സ്ഥാനം വഹിച്ച ഹൈസ്കൂൾ



പിന്നണി ഗായിക ചിത്ര അരുൺ ഉൽഘാടനം നിർവ്വഹിക്കുന്നു

ഹെഡ് മിസ്ട്രസ് സിസ്റ്റർ മിനി ആന്റണി യോഗയുടെയും സംഗീതത്തിന്റെയും വിശാല സാധ്യതകളെക്കുറിച്ച് കുട്ടികളുമായി പങ്കുവെച്ചു. സ്കൂൾ ക്വയർ അംഗങ്ങൾ അവതരിപ്പിച്ച സംഘഗാനം ഏവരുടെയും പ്രശംസ പിടിച്ചു പറ്റി .

## കൗമാര ആരോഗ്യപരിപാലനം

### *ബോധവൽക്കരണ ക്ലാസ്സ്*

കൊച്ചി: കാരുണ്യ സംഘ വേദിയുടെ നേതൃത്വത്തിൽ യുപി വിഭാഗം വിദ്യാർത്ഥികൾക്കായി സാനിറ്ററി നാപ്കിൻ വിതരണവും കൗമാര ആരോഗ്യപരിപാലനം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ അനു കൊച്ചുകുഞ്ഞിന്റെ (ജില്ലാ ആശുപത്രി , എറണാകുളം) ക്ലാസും സംഘടിപ്പിച്ചു. ആർത്തവകാല ശുചിത്വത്തെക്കുറിച്ചും, ശാരീരികമായ മാറ്റങ്ങളെക്കുറിച്ചും ഡോക്ടർ കുട്ടികൾക്ക് അവബോധം നൽകി. പതിനൊന്നാം ഡിവിഷൻ കൗൺസിലർ ശ്രീമതി ഷീബ ഡ്യൂറോം



അധ്യക്ഷത വഹിച്ചു. യോഗത്തിൽ സിസ്റ്റർ മിനി ആന്റണി, സംഘവേദി പ്രസിഡന്റ് നടേശൻ, ജനറൽ സെക്രട്ടറി ലോറൻസ് എന്നിവർ ആശംസകൾ അർപ്പിച്ചു. സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യുകയുമുണ്ടായി.



ലഹരി വിരുദ്ധ സന്ദേശവുമായി ഗൈഡ്സ്

## 19 ജൂൺ വായനാ ദിനം





"എന്റെ ക്ലാസ് നമ്മുടെ പുസ്തകം": കുട്ടികൾ സമാഹരിച്ച പുസ്തകങ്ങൾ കൈമാറുന്നു

കൊച്ചി: ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽ വായന ദിനം ജൂൺ 19 ന വർണ്ണാഭമായി കൊണ്ടാടി. ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ അമരക്കാരനായ പി.എൻ. പണിക്കരുടെ ചരമ ദിനമാണ് വായനാ ദിനമായി ആചരിക്കുന്നത് . ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ റവ. സിസ്റ്റർ മോളി ദേവസിയുടെ അധ്യക്ഷതയിൽ ചേർന്ന വായനാ ദിനാചരണത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത് അധ്യാപികയും വിദ്യാരംഗം കലാസാഹിത്യ വേദി ഉപജില്ലാ കോഡിനേറ്ററുമായ നിഷ എം.എൻ. ആയിരുന്നു. ഈ വിദ്യാലയത്തിലെ റിട്ടയേഡ് അധ്യാപിക ആഷമോൾ വി.എസ് മുഖ്യാതിഥിയായിരുന്നു. വായനയുടെ മഹത്വം അറിഞ്ഞ് കുട്ടികൾ വായനാദിന പ്രതിജ്ഞ എടുത്തു. ചടങ്ങിൽ ഡിജിറ്റൽ പത്രത്തിന്റെ പ്രകാശനവും നടന്നു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആശംസകൾ നേർന്നു റിയോണ റോസ്, എയ്ന മരിയ എന്നിവർ സ്വാഗതം ആശംസിച്ചു.

ഇംഗ്ലീഷ് ഹിന്ദി സംസ്കൃതം മലയാളം തുടങ്ങി എല്ലാ ഭാഷകൾക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് വിവിധ കലാപരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു. ചങ്ങമ്പുഴയുടെ വാഴക്കുല എന്ന കാവ്യത്തിന്റെ ദൃശ്യാവിഷ്കാരം ഏറെ ശ്രദ്ധേയമായി.

"എന്റെ ക്ലാസ് നമ്മുടെ പുസ്തകം" എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ സമാഹരിച്ച പുസ്തകങ്ങൾ അവർ ഹെഡ്മിസ്ട്രസ് സിസ്റ്റർ മിനി ആന്റണിയ്ക്ക് കൈമാറി. വിദ്യാലയത്തിലെ കുട്ടികൾ വരച്ച ചിത്രങ്ങൾ അതിഥികളായി വന്നവർക്ക് ഉപഹാരമായി സമർപ്പിച്ചു. കുട്ടികൾ വരച്ച വായന ദിന പോസ്റ്ററുകളുടെ പ്രദർശനവും നടന്നു. വിദ്യാരംഗം കലാ സാഹിത്യവേദി അംഗമായ അഫ്സ ഏവർക്കും നന്ദിയർപ്പിച്ചു.



സദസ്സ്

വീഡിയൊ കാണുവാൻ
↓
വയനാ ദിനം

## ലഹരി വിരുദ്ധ ദിനം




വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുന്നു

തോപ്പുംപടി: ജൂൺ 26 ന ലഹരി വിരുദ്ധ ദിനം ആചരിച്ചു. ഈ ചടങ്ങിന്റെ അധ്യക്ഷത വഹിച്ചത് ഹയർ സെക്കന്ററി പ്രിൻസിപ്പാൾ സിസ്റ്റർ മോളി ദേവസ്സിയായിരുന്നു. ഒരു രാജ്യത്തിന്റെ ഭാവി അവിടുത്തെ കുട്ടികളിലാണ്. എന്നാൽ ഈ ഭാവി തകർക്കും വിധം ലഹരിയുടെ ഉപയോഗം സമൂഹത്തിൽ കടന്നു കൂടിയിരിക്കയാണ്. പഠിക്കാനുള്ള ആഗ്രഹം, വായന എന്നിവയെ ലഹരിയാക്കി മാറ്റണമെന്ന് പറഞ്ഞുകൊണ്ട് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസി കുട്ടികൾക്ക് വേണ്ട നിർദ്ദേഷങ്ങൾ നൽകുകയും സമൂഹത്തിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളിൽ വഞ്ചിതരാവരുതെന്നും ഓർമ്മപ്പെടുത്തുകയുണ്ടായി. മുഖ്യാതിഥി തോപ്പുംപടി പോലീസ് സ്റ്റേഷനിലെ പി. ആർ.ഓ. എ. ജയലാൽ ആയിരുന്നു. ലഹരിക്കെതിരെയുള്ള ദിനം ആചരിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് വിദ്യാർത്ഥികളോട് സംസാരിച്ചു. വായനയും സ്പോർട്സും ആയിരിക്കണം നമ്മുടെ ജീവിതത്തിലെ ലഹരി എന്നും ആ ലഹരിക്കാണ് നാം അടിമപ്പെടേണ്ടതെന്നും അദ്ദേഹം കുട്ടികളെ ബോധ്യപ്പെടുത്തി. ലഹരി വസ്തുക്കളായ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗത്തെ ക്കുറിച്ചും, അവയുടെ അനധികൃതമായ കടത്തിനെക്കുറിച്ചും ബോധവൽക്കരിക്കുകയുണ്ടായി. ചടങ്ങിൽ സന്നിഹിതനായിരുന്ന ശ്രീ. ശരത് സാർ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തെക്കുറിച്ച് അവബോധനം നൽകി. 'ലഹരിക്കെതിരെ ചെറുത്തുനിൽക്കാം' എന്ന സന്ദേശം ഹെഡ് മിസ്ട്രസ് സിസ്റ്റർ മിനി ആന്റണി നൽകി. ആന്റി ഡ്രഗ് ഡേ സ്പെഷ്യൽ മ്യൂസിക് ഡ്രാമ എസ്.പി.സി. അംഗങ്ങളും, ലഹരി വിരുദ്ധ സന്ദേശം ഉൾകൊള്ളുന്ന നൃത്തം ഗൈഡ്സ് അംഗങ്ങളും അവതരിപ്പിച്ചു. സകൂൾ അസ്സിസ്റ്റന്റ് ലീഡർ ദേവകി ഡി.എൽ. സ്വാഗതവും, എസ്. പി.സി. സൂപ്പർ സീനിയർ കാഡറ്റ് അമീന നാസർ കൃതജ്ഞതയും അർപ്പിച്ചു.




(SPC അംഗങ്ങൾ അവതരിപ്പിച്ച മ്യൂസിക് ഡ്രാമയിൽ നിന്ന് )

## SPC പരിശീലനം ആരംഭിച്ചു

കൊച്ചി : 2024-2025 അദ്ധ്യയന വർഷത്തെ സ്റ്റുഡന്റ്സ് പോലിസ് കേഡറ്റിന്റെ പരിശീലനം ജൂൺ 22-ന് ആരംഭിച്ചു. മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും എ. ഫിറോസ്, എസ്.എച്ച്.ഓ., തോപ്പുംപടി ബോധവൽക്കരണ ക്ലാസ് നൽകി.



## മികച്ച വിജയത്തിന്റെ ആഘോഷം !



### എസ് എസ് എൽ സി - വിജയികളെ അനുമോദിച്ചു



ഫുൾ എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾ , മുഖ്യാതിഥി ഡോക്ടർ ആർ. മായാ ദേവി, പ്രിൻസിപ്പൽ , ഹെഡ്മിസ്ട്രസ്, അധ്യാപകർ, പി. ടി. എ. എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കൊപ്പം

തോപ്പുംപടി : ഔവർ ലേഡീസ് കോൺവെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് അഭിമാന നിമിഷം. തുടർച്ചയായി 100 മേനി വിജയം കരസ്ഥമാക്കുന്ന ഔവർ ലേഡീസ് കോൺവെൻറ് സ്കൂൾ SSLC പരീക്ഷ വിജയികളെ അനുമോദിക്കുന്ന ചടങ്ങിന് ജൂൺ 22 വേദിയായി. ഇക്കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷയിൽ 308 കുട്ടികളാണ് പരീക്ഷ എഴുതിയത്. 72 കുട്ടികൾക്ക് ഫുൾ എ പ്ലസ് ഉം 12 കുട്ടികൾക്ക് 9 എ പ്ലസ് ഉം കരസ്ഥമാക്കാൻ കഴിഞ്ഞു. വിജയിച്ച കുട്ടികളെ ആദരിക്കുന്ന വിജയോത്സവത്തിൽ മുഖ്യാതിഥിയായി വന്നത് പൂർവ്വ വിദ്യാർത്ഥിനിയും റേഡിയോളജിസ്റ്റായി സേവന മനുഷ്ഠിക്കുകയും ചെയ്യുന്ന ഡോ. ആർ. മായ ദേവിയാണ്. ഹൈസ്കൂൾ പി.ടി.എ. പ്രസിഡൻറ് ജോസഫ് സുമീത് അധ്യക്ഷനായി. പതിനൊന്നാം വാർഡ് കൗൺസിലർ ഷീബ ഡ്യൂറോം, ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസ്സി, ഹൈസ്കൂൾ എച്ച്.എം സിസ്റ്റർ മിനി ആന്റണി, തോപ്പുംപടി പോലീസ് സ്റ്റേഷനിലെ എസ്.ഐ. ജയലാൽ എ. എന്നിവർ കുട്ടികളെ അനുമോദിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. പി.ടി.എ. യുടെ ആഭിമുഖ്യത്തിൽ വിജയികളായ കുട്ടികൾക്ക് പി.ടി.എ മെമന്റോകൾ നൽകി. മുഖ്യാതിഥിയായ ഡോക്ടർ.ആർ. മായാദേവിയെയും ഹയർ സെക്കൻഡറി പ്രിൻസിപ്പൽ സിസ്റ്റർ മോളി ദേവസ്സിയെയും പൊന്നാടകൾ അണിയിച്ചു. വിദ്യാർത്ഥികൾ തങ്ങളുടെ വിദ്യാലയ അനുഭവങ്ങൾ പങ്കുവച്ചു. കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികളും ഏറെ ശ്രദ്ധേയമായിരുന്നു.

## വായനാ മാസാചരണം -2024





വാഴക്കുല എന്ന കവിതയുടെ ദൃശ്യാവിഷ്കാരം

**പ്രവർത്തനങ്ങൾ**

1. അക്ഷരദീപ പ്രകാശനം
2. വായന ദിന പ്രതിജ്ഞ
3. ഡിജിറ്റൽ പത്രപ്രകാശനം
4. എന്റെ ക്ലാസ്സ് നമ്മുടെപുസ്തകം (ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തക സമാഹരണം)
5. ക്ലാസ് തല കൈയ്യെഴുത്തു മാസിക പ്രദർശനം
6. സാഹിത്യകൃതികളെ പരിചയപ്പെടുത്തൽ
7. സാഹിത്യസംവാദങ്ങൾ
8. സാഹിത്യ ക്വിസ്
9. എന്റെ വായന മികച്ച വായന (പുസ്തക വായന മത്സരം)
10. പുസ്തക പ്രദർശനം



യു. പി. വിഭാഗത്തിലെ കുട്ടികളുടെ ആഴ്ചയിൽ ഒരു ദിവസമുള്ള ലൈബ്രറിയിലെ പുസ്തക വായന

### വായന മാസാചരണത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ ജൂൺ 30 വരെ നടത്തിയ പ്രവർത്തനങ്ങൾ

**20 ജൂൺ** :- വായന മാസാചരണത്തോടനുബന്ധിച്ച് അസംബ്ലി ഹിന്ദിയിലായിരുന്നു. ചിന്താവിഷയവും (സുവിചാർ),വാർത്തകളും വായിച്ചത് ഹിന്ദി ഭാഷയിലായിരുന്നു. അഡൊണ, (IX B) പ്രേംചന്ദിന്റെ "നിർമ്മല" എന്ന ഹിന്ദി പുസ്തകത്തിന്റെ പുസ്തകാസ്വദനവും നടത്തി.

**24 ജൂൺ** :- വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വായനാ മാസാചരണത്തിന്റെ ഭാഗമായി യുപി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വായന ക്വിസ് മത്സരം നടത്തുകയുണ്ടായി. എച്ച്.എസ് വിഭാഗം വിജയികൾ: ദേവനന്ദ.ജി VIII D (ഒന്നാം സ്ഥാനം) ഫിദ ഫാത്തിമ ബി.ആർ VIII F. (രണ്ടാം സ്ഥാനം) യു.പി വിഭാഗം വിജയികൾ:മൻഹ സിറാജ് VII A (ഒന്നാം സ്ഥാനം) മരിയ റെയ്ച്ചൽ VIID (രണ്ടാം സ്ഥാനം)

**25 ജൂൺ** :- സാഹിത്യകൃതികളെ പരിചയപ്പെടുത്തുക എന്ന പ്രവർത്തനത്തിന്റെ ഭാഗമായി പത്താം ക്ലാസ്സിൽ പഠിക്കുന്ന മിസ്രിയ മെഹറിൻ വൈലോപ്പിള്ളി ശ്രീധര മേനോന്റെ മാമ്പഴം എന്ന കവിതയുടെ ആസ്വാദനം നടത്തി.